"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - വെള്ളമുണ്ട ഗ്രാമപഞ്ചായത്ത് - ഐ.ടി.ഐ പ്രവർത്തിക്കുന്നതിനാവശ്യമായ വാടക, വൈദ്യുതി ചാർച്ച് എന്നിവ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്

സ.ഉ.(സാധാ) നം.1313/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 12/07/2021

---

പരാമർശം:-

1 വെള്ളമുണ്ട ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 22/01/2021 ലെ 05/01 നമ്പർ തീരുമാനം.

2 പഞ്ചായത്ത് ഡയറക്ടറുടെ 12/03/2021 ലെ PAN/27085/2018-G1(DP) നമ്പർ കത്ത്.

<u>ഉത്തരവ്</u>

വയനാട് ജില്ലയിലെ വെള്ളമുണ്ട ഗ്രാമ പഞ്ചായത്തിൽ വ്യാവസായിക പരിശീലനവകുപ്പ് അനുവദിച്ച ഐ.ടി.ഐയുടെ പ്രവർത്തനം ആരംഭിക്കുന്നതിന് പഞ്ചായത്തിന്റെ അധീനതയിൽ ആവശ്യമായ സ്ഥലം ഇല്ലാത്തതിനാൽ സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നത് വരെ സ്വകാര്യ വ്യക്തിയുടെ സ്ഥലം വാടകക്ക് എടുത്ത് നൽകുന്നതിന് പഞ്ചായത്ത് ഭരണ സമിതി തീരുമാനിച്ചതായും പ്രസ്തുത സാഹചര്യത്തിൽ താത്കാലികമായി ഐ.ടി.ഐ പ്രവർത്തിക്കുന്നതിനാവശ്യമായ സ്ഥലത്തിന് പി.ഡബ്ല്യൂ.ഡി നിശ്ചയിച്ച് നൽകുന്ന നിരക്കിൽ വാടക, വൈദ്യുതി ചാർജ് എന്നിവ പഞ്ചായത്തിൻറെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനാവശ്യമായ അനുമതിക്കായി പഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷയും പരാമർശം1 പ്രകാരമുള്ള ഭരണസമിതി തീരുമാനവും പരാമർശം 2 പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്ത് സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വയനാട് ജില്ലയിലെ വെള്ളമുണ്ട ഗ്രാമ പഞ്ചായത്തിൽ വ്യാവസായിക പരിശീലനവകുപ്പ് അനുവദിച്ച ഐ.ടി.ഐ പ്രവർത്തിക്കുന്നതിനാവശ്യമായ സ്ഥലത്തിന് പി.ഡബ്ല്യൂ.ഡി നിശ്ചയിച്ച് നൽകുന്ന നിരക്കിൽ വാടക, വൈദ്യുതി ചാർജ് എന്നിവ പഞ്ചായത്തിൻറെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സിന്ധ്യ റ്റി എസ്

അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്

പ്രസിഡന്റ് / സെക്രട്ടറി, വെള്ളമുണ്ട ഗ്രാമ പഞ്ചായത്ത്, വയനാട്

ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ